# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 717

02/11/2011 ൽ
മറുപടിക്ക്

## സ്കൂൾ പാർലമെന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. വി.റ്റി..ബൽറാം | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സ്കൂൾ പാർലമെന്റുകൾ സജീവമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ<br><br>(ബി) ഇതിനായി ക്ലാസ്സ് സഭകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(സി) ക്ലാസ്സ് സഭകളുടെ പ്രവർത്തനരീതിയും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) ഇത് എന്നുമുതൽ പ്രാവർത്തികമാക്കാനാകും എന്നാണ് കരുതുന്നത്? | (എ) യും (ബി) യും (സി) യും (ഡി) യും<br><br>5/11/2007 ലെ സ.ഉ (എം.എസ്) നം.194/2007/പൊ.വി.വ പ്രകാരം (സ്കൂൾ ജനാധിപത്യവേദി) അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളോടൊപ്പം ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി കൊണ്ട് സ്കൂൾ പാർലമെന്റ് രൂപീകരണവും നടത്തിപ്പും സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച 10/11/2003 ലെ ജി.ഒ. (എം.എസ്) 309/03/പൊ.വി. പ്രകാരമുള്ള പത്തു നിർദ്ദേശങ്ങൾ ക്കനുസൃതമായിട്ടാണ് സ്കൂൾ പാർലമെന്റ് രൂപീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച 10/11/2003 ലെ ജി.ഒ (എം.എസ്) 309/03/പൊ.വി. പ്രകാരമുള്ള പത്ത് നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് സ്കൂൾ പാർലമെന്റ് രൂപീകരണ പ്രവർത്തനങ്ങൾ നടക്കുന്നത് കൂടാതെ കോളേജുകളിലെ സമാനവേദികളുടെ കാര്യത്തിൽ നിലവിലുള്ള ഇടക്കാല വിധിയിലെ നിർദേശങ്ങളും ഇതിന് ബാധകമായിരിക്കും.

ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന തരത്തിൽ ഭാവിസമൂഹത്തിന് ഗുണകരമായ രീതിയിൽ പരസ്പര സഹകരണത്തിന്റേയും, സാഹോദര്യത്തിന്റേയും മാർഗത്തിൽ. വിദ്യാർത്ഥികളെ നയിക്കുക, ജനാധിപത്യപരമായി സാഹിത്യവേദി, കലാവേദി, കായിക വേദി, മറ്റു ക്ലബ്ബുകൾ എന്നിവ പ്രവർത്തിപ്പിക്കുക, സ്കൂളിൽ നടക്കുന്ന കലാമേള, കായിക മേള, ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യ ശാസ്ത്രമേള മറ്റു മേളകൾ, പൊതു പരിപാടികൾ എന്നിവയുടെ സംഘാടനത്തിന്റെയും നടത്തിപ്പിന്റെയും ഭാഗമായിത്തീരുക, സ്ക്കൂൾ അധികാരികളെ സഹായിക്കുക, സ്കൂളിന്റെ പ്രവർത്തനങ്ങൾ, പഠനയാത്ര, പ്രാദേശിക സന്ദർശനങ്ങൾ ഇവയുടെ സംഘാടനത്തിലും നടത്തിപ്പിലും പങ്കാളികളാവുക, സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്താനായി സംഘടിപ്പിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളിലും പങ്കാളികളാവുക, പൊതു വിദ്യാഭ്യാസം നിലനിർത്താനും അതിന്റെ ഗുണനിലവാരം ഉയർത്താനുമുള്ള ശ്രമങ്ങളിൽ സഹായിക്കുകയും പങ്കാളികളാവുകയും ചെയ്യുക എന്നിവയാണ് പാർലമെന്റിന്റെ ലക്ഷ്യങ്ങൾ.

ഒരു വിദ്യാലയത്തിലെ (സർക്കാർ,എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ ഓരോ ക്ലാസും തെരെഞ്ഞെടുപ്പിനുള്ള യൂണിറ്റ് ആയിരിക്കും. ഇങ്ങനെയുള്ള ഓരോ യൂണിറ്റും ഒരു മെമ്പറെ തെരഞ്ഞെടുക്കുന്നതാണ്. ഈ മെമ്പർ ക്ലാസ് ലീഡർ എന്നാണറിയപ്പെടുക. ക്ലാസ് ലീഡർമാർ ചേർന്നതാണ് സ്കൂൾ പാർലമെന്റ്. ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ എന്നിവർ സ്കൂൾ പാർലമെന്റിന്റെ രക്ഷാധികാരികളായിരിക്കും. ഇവരെക്കൂടാതെ ഇരുവരും സഹപ്രവർത്തകരും സംയുക്തമായി തെരെഞ്ഞെടുക്കുന്ന സ്റ്റാഫ് സെക്രട്ടറി, സ്റ്റാഫ് അഡ്വൈസർ എന്നിവരും സ്കൂൾ പാർലമെന്റിലെ എക്സ് ഒഫിഷ്യോ അംഗങ്ങളായിരിക്കും; രക്ഷാധികാരികളുടെ അംഗികാരത്തോടെ റിട്ടേണിംഗ് ഓഫീസർ ഓരോ ക്ലാസ്സ് ഡിവിഷനിലേയും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരെ നിയമിക്കണം. ഇവർതന്നെയായിരിക്കും അതത് ഡിവിഷനിലെ പ്രിസൈഡിംഗ് ഓഫീസർ. സ്കൂളിൽ എല്ലാ അദ്ധ്യാപകരും ചേർന്ന് സംയുക്തമായി നിർദ്ദേശിക്കുന്ന ഒരു അധ്യാപിക/അധ്യാപകൻ ആയിരിക്കും പാർലമെന്റിന്റെ സ്റ്റാഫ് അഡ്വൈസർ. ഇദ്ദേഹം പാർലമെന്റിന്റെ സഹരക്ഷാധികാരികൂടിയായിരിക്കും. കൂടാതെ തെരെഞ്ഞെടുപ്പ് നടത്താനുള്ള റിട്ടേണിങ് ഓഫീസറും ഇദ്ദേഹമായിരിക്കും.

സ്കൂൾ പാർലമെന്റ് തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട പത്തു മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂൾ പാർലമെന്റിലേയ്ക്കുള്ള തെരെഞ്ഞെടുപ്പ് കക്ഷി രാഷ്ട്രീയത്തിലധിഷ്ഠിതമായല്ല നടത്തപ്പെടുന്നതെന്ന് ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ

ഉറപ്പുവരുത്തേണ്ടതാണ്. സ്കൂളിൽ കായികമേളകൾ, ചർച്ചാവേദികൾ, ശ്രമദാനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ച് സ്കൂൾ പാർലമെന്റിലേയ്ക്ക് തെരെഞ്ഞെടുപ്പ് നടത്താൻ പ്രധാനാദ്ധ്യാപകന് സ്വാതന്ത്ര്യമുണ്ടായിരിക്കും. സ്കൂളിന്റെ പ്രവർത്തനത്തേയും വിദ്യാർത്ഥികളുടെ അദ്ധ്യായനത്തെയും ബാധിക്കുന്നതും തടസ്സപ്പെടുത്തുന്നതുമായ രീതിയിൽ സ്കൂൾ കാമ്പസിനുള്ളിലോ പുറത്തോ ഏതെങ്കിലും തരത്തിലുള്ള കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഏതെങ്കിലും വിദ്യാർത്ഥിക്കോ, വിദ്യാർത്ഥി സംഘടനകൾക്കോ അനുവാദം ലഭിക്കുന്നില്ലെന്ന് സ്കൂളിലെ അദ്ധ്യാപകരും പ്രധാനാദ്ധ്യാപകനും ഉറപ്പുവരുത്തേണ്ടതാണ്. അത്തരം വിദ്യാർത്ഥികൾക്കെതിരെ കേരള വിദ്യാഭ്യാസ ചട്ടത്തിലെ അദ്ധ്യായം IX-ലെ ചട്ടം 6-ൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുള്ള കർത്തവ്യം സ്കൂളിലെ പ്രധാനാദ്ധ്യാപകനിൽ നിക്ഷിപ്തമാണ്. സ്കൂളിൽ അക്രമസംഭവങ്ങളോ മറ്റോ ഉണ്ടായാൽ സ്കൂൾ പ്രധാനാദ്ധ്യാപകന്റെ അറിയിപ്പ് ലഭിച്ചാലുടൻ അടിയന്തിര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്. സ്കൂൾ പാർലമെന്റിലേയ്ക്കുള്ള തെരെഞ്ഞെടുപ്പ് കക്ഷിരാഷ്ട്രീയത്തിനും രാഷ്ട്രീയ ഇടപെടലുകൾക്കതീതമായിരിക്കും.

S.O